"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഡ് വിഭജനം നടത്തി നിർദ്ധിഷ്ടവാർഡുകളുടെ അതിർത്തികൾ ഉൾപ്പെടുത്തിയ തദ്ദേശസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ Qfield ആപ്പ് ഉപയോഗിക്കുന്നതിനും ആവശ്യമായ സാങ്കേതികസഹായം നൽകുന്നതിനും നോഡൽ ഏജൻസിയായി ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.1685/2024/LSGD തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:- 1. സ.ഉ (സാധാ) നം.36/2024/ത.സ്വ.ഭ.വ, തീയതി : 14.06.2024

2. ഡീലിമിറ്റേഷൻ കമ്മീഷന്റെ 18.07.2024ലെ യോഗതീരുമാനം

3. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിയുടെ 19.07.2024ലെ DCK(Gen).2(1)/2024 നമ്പർ കത്ത്

<u>ഉത്തരവ്</u>

1994 ലെ കേരള പഞ്ചായത്തി രാജ് ആക്ട് (1994 ലെ 13) 10 ആം വകുപ്പ് 1 ആം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരളസർക്കാർ സൂചന (1) പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഡുകൾ പുനർനിർണയിക്കുന്നതിനു ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിരുന്നു. സൂചന (2) പ്രകാരം വാർഡ് വിഭജനവുമായി ബന്ധപെട്ട നിർദ്ധിഷ്ടവാർഡുകളുടെ അതിർത്തികൾ ഉൾപ്പെടുത്തിയ തദ്ദേശസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിന് Qfield ആപ്പ് ഉപയോഗിക്കുന്നതിനും, ഇതിനായി ആവശ്യമായ സാങ്കേതികസഹായം ലഭ്യമാക്കുവാനും ഇൻഫർമേഷൻ കേരള മിഷൻ (IKM) നെ ചുമതലപ്പെടുത്താൻ ഡീലിമിറ്റേഷൻ കമ്മീഷൻ തീരുമാനിക്കുകയും സൂചന (3) പ്രകാരം വാർഡ് പുനർനിർണയിക്കുന്നതിനു Qfield ആപ്പ് ഉപയോഗിക്കുന്നതിനും നോഡൽ ഏജൻസിയായി IKM-നെ ചുമതലപ്പെടുത്തുവാനും അഭ്യർഥിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ Qfield ആപ്പ്, ഉപയോഗിച്ച് വാർഡുകളുടെ അതിർത്തികൾ പുനർനിർണയിച്ച തദ്ദേശസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിനും, ആവശ്യമായ സാങ്കേതികസഹായം ലഭ്യമാക്കുന്നതിനും നോഡൽ ഏജൻസിയായി ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഡീലിമിറ്റേഷൻ നടപടിക്രമങ്ങളും,GIS അധിഷ്ഠിത വാർഡ് മാപ്പിംഗും പൂർത്തിയായിക്കഴിഞ്ഞാൽ ലഭ്യമായ ഡാറ്റയും മാപ്പുകളും സർക്കാർ ആവശ്യങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ഡീലിമിറ്റേഷൻ കമ്മീഷൻ

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി എസ്

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ

തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ